# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 325 | 27.09.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്കുസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ)<br><br>(ബി) | ചരക്കുസേവന നികുതി കേരളത്തെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;<br><br>ചരക്കുസേവന നികുതി നടപ്പിലാക്കുന്നതുമൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയിലും വരുമാനത്തിലും എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ; | (എ)<br>&<br>(ബി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ സേവന നികുതി വിഹിതം സംസ്ഥാനത്തിന് ലഭിക്കും. ഇതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.<br>പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഢംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് |

| | | | |
|---|---|---|---|
| | | | ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ് സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി.എസ്.ടി നടപ്പാകുമ്പോൾ ഇവയെല്ലാം ജി.എസ്.ടി.യിൽ ലയിക്കുന്നതാണ്. ജി.എസ്.ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി ആണ് ചുമത്തുന്നത്. ഇത് കേന്ദ്ര സർക്കാരാണ് ഈടാക്കുന്നത്. |
| (സി) | നികുതി ചുമത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ അധികാരം ഇല്ലാതാകുമ്പോൾ, അടിയന്തര സാഹചര്യങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ചരക്ക് സേവന നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമായിരിക്കുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. അതുകൊണ്ടു തന്നെ ജി.എസ്.ടി നടപ്പിലാക്കുന്നത് വികസനക്ഷേമ പദ്ധതികൾക്കുള്ള ധനസമാഹരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. മാത്രവുമല്ല ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഷ്ട പരിഹാരത്തിന് അടിസ്ഥാനമാക്കേണ്ടത് ഏതു കാലത്തെ നികുതി വളർച്ചയാണ് എന്നത് സംബന്ധിച്ച തർക്കം നിലനിൽക്കുന്നുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Services Tax Council ന്റെ ശുപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും അടിയന്തിര സാഹചര്യം ഉണ്ടായാൽ ജി.എസ്.ടി കൗൺസിലിന്റെ ശ്രദ്ധയിൽപെടുത്തി പരിഹാരം തേടാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**